# കുഫ്ർ, കാഫിർ, ദാറുൽകുഫ്ർ
# പ്രയോഗങ്ങളിലെ ശരിയും തെറ്റും

ലേഖനം

●

**വഹീദുദ്ദീൻ ഖാൻ**

**കാഫിർ എന്ന പദം ഏതെങ്കിലും സമൂഹത്തിന്റെയോ വർഗത്തിന്റെയോ ലേബലല്ല, ഒരു വ്യക്തിസ്വഭാവം മാത്രമാണെന്നർഥം. പല ഖുർആൻ പരിഭാഷകളിലും ഈ പദം അവിശ്വാസികൾ എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഇത് തെറ്റാണ്. അവിശ്വാസി എന്നാൽ വിശ്വസിക്കാത്തവൻ എന്നേ അർഥമുള്ളൂ. എന്നാൽ കാഫിർ എന്നത് ദൈവിക വെളിപാടിനെക്കുറിച്ച എല്ലാ തെളിവുകളും ശരിയായി ബോധ്യപ്പെട്ടിട്ടും വിശ്വസിക്കാൻ വിസമ്മതിക്കുന്ന ആളെയാണ് സൂചിപ്പിക്കുന്നത്.**

**തൊഴിലാളിവർഗമെന്നും** ബൂർഷ്വാസിയെന്നും മൗലികമായിത്തന്നെ വേർപിരിഞ്ഞ രണ്ട് വ്യത്യസ്ത വിഭാഗങ്ങളായിട്ടാണ് മനുഷ്യ സമൂഹത്തെ മാർക്സിസം വിലയിരുത്തുന്നത്. ഫ്രഞ്ച് ഭാഷയിൽനിന്ന് രൂപംകൊണ്ട ബൂർഷ്വാസി എന്ന പദം തുടക്കത്തിൽ സമൂഹത്തിലെ മധ്യവർഗത്തെ സൂചിപ്പിക്കാനാണ് ഉപയോഗിച്ചിരുന്നത്. പക്ഷേ പിന്നീട് മാർക്സിയൻ പദാവലിയിൽ, ആക്ഷേപകരമായ അർഥത്തിൽ പ്രയോഗിക്കുന്ന ഒരു സാങ്കേതികപദമായിത്തീർന്നു അത്. സമൂഹത്തിലെ എല്ലാ കുഴപ്പങ്ങളുടെയും കാരണം ബുർഷ്വാസിയാണെന്നും തൊഴിലാളി വർഗമാണ് എല്ലാവിധ നന്മയുടെയും മൂർത്തികൾ എന്നും പ്രചരിപ്പിക്കപ്പെട്ടു.

### കാഫിർ

'കാഫിർ' എന്ന പദത്തിനും ഈയൊരു പരിണാമമാണ് സംഭവിച്ചത്. നിഷേധിക്കുന്ന/നിരാകരിക്കുന്ന ആൾ എന്ന ഭാഷാ അർഥത്തിലാണ് തുടക്കത്തിൽ പ്രസ്തുത പദം പ്രയോഗിക്കപ്പെട്ടത്. ക്രമേണ അത് ആക്ഷേപകരമായ അർഥത്തിൽ ഉപയോഗിച്ചുതുടങ്ങി. ഇന്നിപ്പോൾ ഈ രണ്ടാമത് പറഞ്ഞ അർഥത്തിലാണ് അത് മനസ്സിലാക്കപ്പെടുന്നത്. ഇന്ന് മുസ്‌ലിംകളും മറ്റുള്ളവരും തമ്മിലുള്ള കലഹത്തിന്റെ ഒരു പ്രധാന കാരണവും ഈ തെറ്റിദ്ധാരണയാണ്.

കാഫിർ എന്ന പദത്തിന്റെ തെറ്റായ ഉപയോഗം എത്ര ഗുരുതരമായ പ്രത്യാഘാതമാണ് സൃഷ്ടിക്കുക എന്നതിനൊരു ഉദാഹരണം പറയാം. മഹാകവി അല്ലാമാ ഇഖ്ബാൽ എഴുതിയ ഒരു പേർഷ്യൻ ഈരടിയിൽ സ്വയം 'ബ്രാഹ്മൺസാദ' (ബ്രാഹ്മണന്റെ പിൻഗാമി) എന്ന് വിശേഷിപ്പിച്ചുകൊണ്ട് ഹിന്ദുപണ്ഡിറ്റുകളുമായി തനിക്കുള്ള വംശബന്ധത്തെക്കുറിച്ച് പറയുന്നുണ്ട്. ഇന്ന് ബ്രാഹ്മൺസാദാ എന്ന പദം ആക്ഷേപകരമായി ആരും കാണുന്നില്ല. എന്നാൽ 'കാഫിർ സാദ' (അവിശ്വാസികളുടെ പിൻഗാമി) എന്നായിരുന്നു പ്രയോഗിച്ചിരുന്നതെങ്കിൽ എന്താകുമായിരുന്നു പുകില്! ഇഖ്ബാൽകവിതയുടെ ആരാധകർ തന്നെ രൂക്ഷമായി പ്രതികരിച്ചേനെ. കാഫിർ എന്ന പദം മോശമായ അർഥത്തിൽ വീക്ഷിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് കാരണം.

കാഫിർ, മുഅ്മിൻ എന്നീ പദങ്ങൾ മുസ്‌ലിംകൾ ധാരാളമായി ഉപയോഗിക്കാറുണ്ട്. ഇത് പല അമുസ്‌ലിം സുഹൃത്തുക്കളെയും വേദനിപ്പിക്കുന്നുണ്ട് എന്നത് നേരാണ്. 'കാഫിർ എന്ന പദം ഇസ്‌ലാമിക പദാവലികളിൽനിന്ന് ഒഴിവാക്കേണ്ടതാണ്, അല്ലാത്ത പക്ഷം മുസ്‌ലിംകൾക്കും അല്ലാത്തവർക്കും കൂടി സൗഹാർദത്തോടെ ജീവിക്കാൻ തന്നെ കഴിയില്ല' എന്നു പോലും ചിലർ വാദിക്കുന്നുണ്ട്. മാത്രമല്ല, ചില മുസ്‌ലിംകളെ സംബന്ധിച്ചും ഇത് പ്രശ്നമായിത്തീർന്നിട്ടുണ്ട്. മുസ്‌ലിംകളും അമുസ്‌ലിംകളുമെല്ലാം ഒരുമിച്ചു ജീവിക്കുകയും ഒരുമിച്ച് തൊഴിലിൽ ഏർപ്പെടുകയും ചെയ്യുന്ന സാഹചര്യമാണിന്നുള്ളത്. ഇത്തരമൊരു ബഹുസ്വരസമൂഹത്തിൽ കാഫിറിനെക്കുറിച്ച പരമ്പരാഗത ധാരണകളുമായി മുന്നോട്ടു പോകാനാവില്ല എന്നവർ

മനസ്സിലാക്കുന്നു. തങ്ങൾ അംഗീകരിച്ചിരിക്കുന്ന ഇസ്‌ലാം വർത്തമാന ലോകവുമായുള്ള തങ്ങളുടെ ബന്ധത്തെ വിഛേദിച്ചിരിക്കുന്നു എന്ന് ബോധപൂർവമായോ അല്ലാതെയോ വിശ്വസിക്കുന്ന എത്രയെങ്കിലും ആൾക്കാൾ മുസ്‌ലിംകൾക്കിടയിലുണ്ട്. ഇസ്‌ലാമുമായി അനുരാഗാത്മകമായ ബന്ധം നിലനിർത്തിക്കൊണ്ടു തന്നെ അന്തസ്സോടെ എങ്ങനെ ജീവിക്കാമെന്ന് അവർക്കറിഞ്ഞുകൂടാ എന്നതാണ് വസ്തുത.

ദൽഹിയിലുള്ള ഉന്നതവിദ്യാഭ്യാസം നേടിയ ഒരു മുസ്‌ലിമിനെ എനിക്ക് പരിചയമുണ്ട്. അയാൾ പലപ്പോഴും എന്റെയടുക്കൽ വരാറുണ്ട്. മുസ്‌ലിം കുടുംബത്തിലാണ് പിറന്നതെങ്കിലും ഇസ്‌ലാമിലുള്ള തന്റെ വിശ്വാസം നഷ്ടപ്പെട്ടതായി അയാൾ പറഞ്ഞു. ജനാധിപത്യമാണ് തന്റെ മതം, ഇസ്‌ലാമല്ല; കാരണം ഇസ്‌ലാം മനുഷ്യരെ മുഅ്മിനുകളെന്നും കാഫിറുകളെന്നും വേർതിരിക്കുന്നു. എന്നാൽ ജനാധിപത്യം എല്ലാവരെയും തുല്യരായി കാണുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

നേരത്തെ പറഞ്ഞതു പോലെ, ഒട്ടേറെ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മാത്രമല്ല ഇസ്‌ലാമിന്റെ ആനുകാലിക പ്രസക്തിയെ സംബന്ധിച്ച് ജനങ്ങളുന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും. മുസ്‌ലിംകളും അമുസ്‌ലിംകളും സൗഹാർദപൂർണം ജീവിക്കുന്ന ഒരന്തരീക്ഷം സൃഷ്ടിക്കാനും ഇത്തരം വിഷയങ്ങളെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടത് അനിവാര്യമാണ്.

സൂക്ഷ്മമായും ആഴത്തിലും പരിശോധിച്ചാൽ ഇതുമായി ബന്ധപ്പെട്ട അധിക ചോദ്യങ്ങളും തെറ്റിദ്ധാരണയിൽ നിന്നുടലെടുക്കുന്നതാണെന്ന് വ്യക്തമാവും. അമുസ്‌ലിം എന്നതിന്റെ പര്യായമായിട്ടാണ് കാഫിർ എന്നവാക്ക് മുസ്‌ലിംകൾ പൊതുവെ മനസ്സിലാക്കുന്നത്. ഏതായാലും ഇത് വളരെ തെറ്റായ ഒരു ധാരണയാണ്. ഒരിക്കലും അമുസ്‌ലിം എന്നതിന്റെ പര്യായമല്ല കാഫിർ എന്നത്.

ഇസ്‌ലാമിന്റെ വിഭാവനയനുസരിച്ച് യഥാർഥ മുസ്‌ലിം ഒരു പ്രബോധകനാണ്. അഥവാ അന്യരെ ദൈവമാർഗത്തിലേക്ക് ക്ഷണിക്കുന്നയാൾ. അതിനാൽ തന്നെ മുസ്‌ലിംകളല്ലാത്തവരുടെ സ്ഥാനം പ്രബോധിതർ എന്നതാണ്. അഥവാ ദൈവമാർഗത്തിലേക്ക് ക്ഷണിക്കപ്പെടുന്നവർ. പ്രബോധകനും പ്രബോധിതനും തമ്മിലുള്ള ബന്ധമാണ് മുസ്‌ലിമും അമുസ്‌ലിമും തമ്മിലുള്ളതെന്നർഥം. അന്യവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നവരുമായി ഈയടിസ്ഥാനത്തിൽ സൗഹാർദപൂർണവും ഊഷ്മളവുമായ ബന്ധം നിലനിർത്താനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. ഒരു കച്ചവടക്കാരൻ ഉപഭോക്തൃക്കളുമായി സൗഹാർദം പുലർത്തണം എന്നു പറയാറുണ്ട്. അതുപോലെ ശരിയായ മുസ്‌ലിം തന്റെ പ്രബോധിതരോട് സൗഹൃദ ഭാവത്തിൽ പെരുമാറേണ്ടതുണ്ട്. പ്രബോധിതരുടെ നന്മയിലും ക്ഷേമത്തിലും താൽപര്യമുള്ള പ്രബോധകന്, അവരുടെ മനസ്സിൽ വെറുപ്പും വിദ്വേഷവും ജനിപ്പിക്കുന്ന ഒരു വാക്കും അംഗീകരിക്കാൻ കഴിയില്ല. മാത്രമല്ല ഒരു ശരിയായ പ്രബോധകൻ ഒരിക്കലും തന്റെ മനസ്സിൽ പ്രബോധിതരോട് വെറുപ്പ് വെച്ച് പുലർത്തുകയുമില്ല.

സത്യത്തെ നിഷേധിക്കുന്നവർ എന്ന അർഥത്തിൽ കാഫിറുകൾ എന്ന പദംകൊണ്ട് ഖുർആൻ അഭിസംബോധന ചെയ്യുന്നത് (109:1) പ്രവാചകന്റെ കാലത്തെ മക്കയിലെ ഖുറൈശികളെയാണ് എന്നാണ് ഖുർആൻ പാരായണത്തിൽനിന്നും എനിക്ക് ബോധ്യപ്പെട്ടത്. മുഹമ്മദ് നബി സത്യപ്രബോധനം എല്ലാ തെളിവുകളോടെയും സമർപ്പിച്ചിട്ടും അവരതിനെ തള്ളിക്കളയുകയും എതിർക്കുകയും ചെയ്തു എന്നതാണ് അവരെ അങ്ങനെ വിശേഷിപ്പിക്കാനുണ്ടായ കാരണം. ഖുർആനിൽ വേറൊരു സ്ഥലത്തും മറ്റൊരു ജനവിഭാഗത്തെയും കാഫിറൂൻ എന്ന് കൃത്യവും വ്യക്തവുമായി പ്രഖ്യാപിച്ചത് കാണാൻ കഴിയില്ല. പകരം മറ്റു അമുസ്‌ലിം വിഭാഗങ്ങളെയെല്ലാം മനുഷ്യർ എന്ന പൊതു സംജ്ഞ ഉപയോഗിച്ച് അഭിസംബോധന ചെയ്യുന്നതായിട്ടാണ് കാണാൻ കഴിയുന്നത്.

**'ജനങ്ങളേ' എന്ന് അഭിസംബോധന ചെയ്തുകൊണ്ടുതന്നെ പ്രവാചകദൗത്യത്തിന്റെ എല്ലാ തെളിവുകളും അവതരിപ്പിച്ചിട്ടും അവർ നിഷ്കരുണം തള്ളിക്കളഞ്ഞതിനുശേഷം പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷമാണ് 'നിഷേധികളേ' (109:1) എന്ന നേർക്കുനേരെയുള്ള അഭിസംബോധന ഖുർആനിൽ പ്രത്യക്ഷപ്പെടുന്നത്. അതുതന്നെയും ദൈവത്തിൽ നിന്നുള്ള ഒരു പ്രഖ്യാപനമായിരുന്നു, പ്രവാചകന്റേതായിരുന്നില്ല എന്നോർക്കുക.**

## വിശ്വസിക്കാത്തയാൾ കാഫിറല്ല

നേരത്തെ സൂചിപ്പിച്ചതു പോലെ 'കുഫ്ർ' എന്ന അറബി പദം നിഷേധത്തെയും 'കാഫിർ' എന്നത് നിഷേധി അഥവാ സ്വീകരിക്കാൻ വിസമ്മതിക്കുന്ന ആളെയുമാണ് കുറിക്കുന്നത്. കാഫിർ എന്ന പദം ഏതെങ്കിലും സമൂഹത്തിന്റെയോ വർഗത്തിന്റെയോ ലേബലല്ല, ഒരു വ്യക്തിസ്വഭാവം മാത്രമാണെന്നർഥം. പല ഖുർആൻ പരിഭാഷകളിലും ഈ പദം അവിശ്വാസികൾ എന്നാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഇത് തെറ്റാണ്. അവിശ്വാസി എന്നാൽ വിശ്വസിക്കാത്തവൻ എന്നേ അർഥമുള്ളൂ. എന്നാൽ കാഫിർ എന്നത് ദൈവിക വെളിപാടിനെക്കുറിച്ച എല്ലാ തെളിവുകളും ശരിയായി ബോധ്യപ്പെട്ടിട്ടും വിശ്വസിക്കാൻ വിസമ്മതിക്കുന്ന ആളെയാണ് സൂചിപ്പിക്കുന്നത്.

മുഹമ്മദ് നബിയുടെ പ്രബോധനത്തിന്റെ ആദ്യകാലങ്ങളിൽ അവതരിച്ച ഖുർആനിക സൂക്തങ്ങളിൽ 'ജനങ്ങൾ' എന്ന പ്രയോഗമാണ് കാഫിറുകൾ എന്നതിനേക്കാൾ കൂടുതലായി കാണുക. പ്രവാചകനോട് ഖുർആൻ പറയുന്നത് കാണുക: "റസൂലേ, നിന്റെ രക്ഷിതാവിങ്കൽനിന്ന് അവതരിപ്പിക്കപ്പെട്ടത് നീ (ജനങ്ങൾക്ക്) എത്തിച്ചു കൊടുക്കുക. അങ്ങനെ ചെയ്യാത്തപക്ഷം നീ ദൈവിക സന്ദേശം എത്തിച്ചു കൊടുത്തിട്ടില്ലെന്ന് വരും. ജനങ്ങളിൽനിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്. സത്യനിഷേധികളായ ആളുകളെ അല്ലാഹു തീർച്ചയായും നേർവഴിയിലാക്കുകയില്ല" (5:67). അല്ലാഹു പ്രവാചകനെ ജനങ്ങളിൽനിന്ന് രക്ഷിക്കും എന്നാണ് പറയുന്നത്; കാഫിറുകളിൽനിന്ന് എന്നല്ല. ഇതുപോലെ ഖുർആനിലെ എണ്ണമറ്റ സൂക്തങ്ങളിൽ എല്ലാ മനുഷ്യരെയും പൊതുവെ ഉൾക്കൊള്ളുന്ന ഇൻസാൻ തുടങ്ങിയ പദങ്ങളാണുപയോഗിച്ചിരിക്കുന്നത്.

'ജനങ്ങളേ' എന്ന് അഭിസംബോധന ചെയ്തുകൊണ്ടുതന്നെ പ്രവാചകദൗത്യത്തിന്റെ എല്ലാ തെളിവുകളും അവതരിപ്പിച്ചിട്ടും അവർ നിഷ്കരുണം തള്ളിക്കളഞ്ഞതിനുശേഷം പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷമാണ് 'നിഷേധികളേ' (109:1) എന്ന നേർക്കുനേരെയുള്ള അഭിസംബോധന ഖുർആനിൽ

പ്രത്യക്ഷപ്പെടുന്നത്. അതുതന്നെയും ദൈവത്തിൽ നിന്നുള്ള ഒരു പ്രഖ്യാപന മായിരുന്നു, പ്രവാചകന്റേതായിരുന്നില്ല എന്നോർക്കുക.

### കാഫിറല്ല, ഇൻസാൻ

നിഷേധാത്മകമായ പ്രവൃത്തി, അത് ചെയ്യുന്നവൻ ദൈവത്തിന്റെ കണ്ണിൽ നിഷേധി എന്ന അർഥത്തിലാണ് യഥാക്രമം കുഫ്ർ, കാഫിർ എന്നീ പദ ങ്ങൾ ഖുർആനിൽ പ്രയോഗിക്കപ്പെട്ടിട്ടു ള്ളത്. മക്കയിലെ ഖുറൈശീ സമൂഹത്തെ ഒഴികെ മറ്റൊരു ജനവിഭാഗത്തെയും– അതു തന്നെയും നീണ്ട പതിമൂന്ന് വർഷത്തെ പ്രബോധനത്തിനുശേഷം മാത്രം – ഖുർആൻ കാഫിറുകളായി പ്രഖ്യാപിച്ചിട്ടുമില്ല. അതിനാൽ ഒരു പ്രവൃത്തി കുഫ്ർ ആണ് എന്ന് പറയാ നുള്ള സ്വാതന്ത്ര്യമേ പ്രബോധകനുള്ളൂ; ഒരു സമൂഹത്തെയും കാഫിറുകളായി മുദ്രകുത്താനുള്ള അവകാശം അയാൾക്കില്ല.

അഞ്ചുനേരത്തെ നമസ്കാരത്തിൽ വീഴ്ച വരുത്തുന്ന മുസ്ലിമിന്റെ പ്രവർത്തനം കുഫ്റാണെന്ന് പ്രസ്താവി ക്കുന്ന ഹദീസിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കൂടുതൽ വിശദീകരിക്കാവുന്ന താണ്. നമസ്കാരത്തിൽ നിഷ്ഠ പുലർത്തുന്നവരെയും വീഴ്ചവരുത്തു ന്നവരെയും ഇന്ന് എല്ലായിടത്തും കാണാൻ കഴിയും. എന്നാൽ നമസ്കാര ത്തിൽ വീഴ്ചവരുത്തുന്ന മുസ്ലിംകളുടെ ഒരു ലിസ്റ്റുണ്ടാക്കുകയും അതിന്റെ പേരിൽ അവർ കാഫിറുകളായിരിക്കുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നത് ഒരിക്കലും അംഗീകരിക്കാനാവില്ലല്ലോ. ഒരു പ്രബോധകന് ജനങ്ങളെ ദൈവ ത്തിന്റെ കണ്ണിൽ നിഷേധികളാക്കി ത്തീർക്കുന്ന പ്രവൃത്തികളെക്കുറിച്ച് അവരെ ബോധവൽക്കരിക്കാം എന്നാണ് ഖുർആനിക അധ്യാപനങ്ങളിൽനിന്ന് വ്യക്തമാവുന്നത്. എന്നാൽ മുസ്ലിംകള ല്ലാത്ത വ്യക്തികളെയും വിഭാഗങ്ങളെയും കാഫിറുകൾ എന്ന് വിശേഷിപ്പിക്കാൻ അയാൾ മുതിർന്നാൽ അത് അതിരുക ടന്ന പ്രവൃത്തിയായി കണക്കാക്കപ്പെടും.

കുഫ്റിന്റെ ഒരു പ്രവൃത്തിയും അ ത് ചെയ്യുന്ന വ്യക്തിയും തമ്മിൽ വേർതി രിച്ച് മനസ്സിലാക്കേണ്ടത് വളരെ പ്രധാന മാണ്. ഈ വിഷയത്തിൽ കൃത്യമായ പ്ര ഖ്യാപനം നടത്താനുള്ള അധികാരം ദൈ വത്തിന്റേതുമാത്രമാണ്. എല്ലാ തെളിവു കളും സമർപ്പിച്ച ശേഷവും നിഷേധിച്ചു തള്ളിയ മക്കയിലെ ഖുറൈശികളുടെ കാ

**അന്ധവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നവരുമായി ഈയടിസ്ഥാനത്തിൽ സൗഹാർദ പൂർണവും ഊഷ്മളവുമായ ബന്ധം നിലനിർത്താനാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. ശരിയായ മുസ്ലിം തന്റെ പ്രബോധിതരോട് സൗഹൃദ ഭാവത്തിൽ പെരുമാറേണ്ട തുണ്ട്. പ്രബോധിതരുടെ നന്മയിലും ക്ഷേമത്തിലും താൽപര്യമുള്ള പ്രബോധകന്, അവരുടെ മനസ്സിൽ വെറുപ്പും വിദ്വേഷവും ജനിപ്പിക്കുന്ന ഒരുവാക്കും അംഗീകരിക്കാൻ കഴിയില്ല. മാത്രമല്ല ഒരു ശരിയായ പ്രബോധ കൻ ഒരിക്കലും തന്റെ മനസ്സിൽ പ്രബോധിതരോട് വെറുപ്പ് വെച്ച് പുലർത്തുകയുമില്ല.**

ര്യത്തിൽ ദൈവം ആ അധികാരം വിനി യോഗിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി യുള്ളവരുടെ കാര്യത്തിലും ദൈവം ത ന്നെ അവന്റെ തീരുമാനം കൈക്കൊള്ളും അതു പക്ഷേ പരലോകത്ത് വെച്ച് മാത്രമേ വ്യക്തമാക്കപ്പെടൂ. അതിനാൽ ലളിതമായി പറഞ്ഞാൽ, ഒരു മുസ്ലി മിന്റെ ജോലി അന്യരെ ദൈവമാർഗത്തി ലേക്ക് ക്ഷണിക്കലാണ്, ആരെയും കാഫി റുകളായി പ്രഖ്യാപിക്കലല്ല.

ഇസ്ലാമിക വീക്ഷണപ്രകാരം ഇന്ത്യയിലെ ഹിന്ദുക്കളുൾപ്പെടെയുള്ള എല്ലാ അമുസ്ലിം സമൂഹങ്ങളുടെയും സ്ഥാനം മനുഷ്യർ (ഇൻസാൻ) എന്ന താണ് എന്ന് വ്യക്തമാകുന്നു. മക്കയിലെ പ്രവാചകന്റെ നീണ്ട പതിമൂന്ന് വർഷത്തെ നിരന്തരമായ പ്രബോധനം ഖുറൈശികളുടെ ആവർത്തിച്ചുള്ള നിഷേധം തുടങ്ങിയതിനോട് സമാനമായ സാഹചര്യങ്ങൾ ഈ സമൂഹങ്ങളി ലൊന്നും നിലനിൽക്കുന്നില്ല എന്നതി നാൽ പ്രസ്തുത സമൂഹങ്ങളെ കാഫിറു കൾ എന്നോ മുൻകിറുകൾ(നിഷേധി) എന്നോ മുദ്രകുത്തുന്നതിന് യാതൊരു ന്യായീകരണവുമില്ല.

### സാർവാംഗീകൃത സമൂഹ നാമങ്ങൾ

ഖുർആനിന്റെ അവതരണം ആരംഭ ഭിച്ചത് എ.ഡി 610ലാണ്. അന്നുമുതൽ നീണ്ട വർഷങ്ങൾ പ്രവാചകൻ മക്ക ക്കാരെ ഏകദൈവത്തിനു മാത്രമുള്ള ജീവിത സമർപ്പണത്തിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. ഇക്കാലത്തൊന്നും മക്ക യിലെ ജനങ്ങളെ കാഫിറുകൾ എന്നു വിളിച്ചിരുന്നില്ല. മറിച്ച് ജനങ്ങളേ (അയ്യു ഹന്നാസ്), എന്റെ ജനമേ(യാ ഖൗമീ) എന്നെല്ലാമാണദ്ദേഹം അഭിസംബോധന ചെയ്തിരുന്നത്.

തന്റെ ജനതയുടെ ക്ഷേമത്തെക്കു റിച്ച ഉത്കണ്ഠ പ്രവാചകന്റെ പ്രബോ ധനത്തിലുടനീളം നിഴലിടുന്നത് കാണാൻ കഴിയും. എല്ലാ രീതിയിലുമുള്ള മർദനങ്ങൾ അവർ പ്രവാചകനെതിരെ പ്രയോഗിച്ചിട്ടും അദ്ദേഹം തന്റെ ജന തയെ നേർവഴിക്ക് നയിക്കാൻ ദൈവ ത്തോട് യാചിക്കുകയായിരുന്നു. പ്രവാച കത്വ ലബ്ധിക്ക് ശേഷം നീണ്ട പതിമൂന്ന് വർഷങ്ങൾ തന്റെ പ്രവർത്തനങ്ങൾ അവി രാമം തുടർന്നുകൊണ്ടിരുന്നിട്ടും അദ്ദേഹം സ്വന്തം തീരുമാനപ്രകാരം അവരെ കാഫിറുകൾ എന്നു വിളിക്കാൻ മുതിർന്നില്ല. ഒടുവിൽ ദൈവമാണ് പ്രവാ ചകനോട് കൽപിച്ചത്, 'നിഷേധികളേ' എന്നവരെ അഭിസംബോധന ചെയ്യാൻ (109:1). പ്രവാചകൻ മക്കയിൽ ചെയ്തത് പോലുള്ള സമർപ്പിതവും നിരന്തരവുമായ പ്രബോധനം നടക്കാതെ ഒരാളെയും കാഫിർ എന്ന് വിശേഷിപ്പിക്കാൻ പാടില്ല എന്ന് വ്യക്തമാവുന്നു. പ്രവാചകന്റെ തന്നെയും പതിമൂന്ന് വർഷത്തെ പ്രബോ ധനത്തിനു ശേഷമാണ് ഇങ്ങനെയൊരു നാമം എതിരാളികൾക്ക് ചാർത്തപ്പെട്ടതെ ങ്കിൽ നമ്മെപ്പോലുള്ള സാധാരണ മുസ്ലിംകൾ നൂറു വർഷത്തെ പ്രബോ ധനത്തിനു ശേഷവും മറ്റുള്ളവരെ അങ്ങനെ വിശേഷിപ്പിക്കുന്നത് ന്യായമാ യിരിക്കില്ല.

പ്രവാചകന്റെ മക്കാ ജീവിത കാല ത്തവതരിച്ച ചില ഖുർആനിക സൂക്തങ്ങ ളിൽ മക്കക്ക് പുറത്ത് താമസിക്കുന്ന അമു സ്ലിംകളെ സംബന്ധിച്ച പരാമർശം കാണാവുന്നതാണ്. പേർഷ്യക്കാരുടെ നിരന്തരമായ ആക്രമണത്തിനിരയായി കൊണ്ടിരുന്ന റോമിലെ ക്രൈസ്തവരെ സംബന്ധിച്ച പരാമർശം തന്നെ ഉദാഹര ണമായെടുക്കാം. അവരെ ഖുർആൻ കാഫിറുകൾ എന്നല്ല റോമക്കാർ എന്നാണ് വിശേഷിപ്പിക്കുന്നത്. യമ നിൽനിന്ന് കഅ്ബ പൊളിക്കാൻ വന്ന അമുസ്ലിം രാജാവായ അബ്രഹത്തി നെയും സംഘത്തെയും കുറിച്ച് പറ ഞ്ഞത് 'അസ്ഹാബുൽ ഫീൽ' (ഗജസൈ ന്യം) എന്നാണ് കാഫിറുകൾ എന്നല്ല. എല്ലാ അമുസ്ലിംകളും കാഫിറുകൾ എന്ന് വിശേഷിപ്പിക്കപ്പെടേണ്ടതില്ല

എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്.

പ്രവാചകൻ മദീനയിലേക്ക് പലായനം ചെയ്തെത്തിയപ്പോൾ അവരെയും കാഫിറുകൾ എന്ന് അഭിസംബോധന ചെയ്തില്ല. ജനങ്ങൾ (നാസ്) എന്ന പൊതു വിശേഷണത്തിലും ഓരോ ഗോത്രക്കാരെയും അവരവരുടെ ഗോത്രത്തിന്റെ തന്നെ പേരിലുമൊക്കെയായിരുന്നു വിളിച്ചിരുന്നത്. അഹ്‌ലു ഖീഫ് (സഖീഫ് ഗോത്രക്കാർ) അഹ്‌ലു നജ്റാൻ, അഹ്‌ലു ബഹ്റൈൻ എന്നെല്ലാമായിരുന്നു അഭിസംബോധനാരീതി.

പ്രവാചകന്റെ വിയോഗാനന്തരം മുസ്‌ലിംകൾ പല നാടുകളിലേക്കും വ്യാപിച്ചു. തദ്ദേശ വാസികളെയൊന്നും ആദ്യകാല മുസ്‌ലിംകൾ കാഫിറുകൾ എന്ന് വിളിച്ചിരുന്നില്ല; മറിച്ച് സിറിയയിലെ ക്രിസ്ത്യാനികളെ മസീഹികൾ എന്നും, ഫലസ്തീനിലെ ജൂതന്മാരെ യഹൂദികൾ എന്നും, ഇറാനിലെ മജൂസികളെ മജൂസികൾ എന്നും അഫ്ഗാനിലെ ബുദ്ധമതക്കാരെ 'ബൂദാ' എന്നും ഓരോ വിഭാഗത്തെയും അവരവർ സ്വീകരിച്ചിരുന്ന നാമത്തിൽ തന്നെയാണ് വിളിച്ചിരുന്നത്.

ആദ്യകാല മുസ്‌ലിംകൾ ഇന്ത്യയിൽ കാലുകുത്തിയപ്പോൾ ഇവിടുത്തെ തദ്ദേശവാസികളെ ഹിന്ദുക്കൾ എന്നുവിളിച്ചു. സിന്ധു നദീതടവാസികൾ എന്ന അർഥത്തിൽ സിന്ധുവിന്റെ അറബി ഉച്ചാരണ രീതിയിലുള്ള നാമമാണ് ഹിന്ദു. *കിതാബുൽ ഹിന്ദ്* എന്ന പ്രസിദ്ധ ഗ്രന്ഥമെഴുതിയ അബ്ദുർറഹ്മാൻ അൽ ബിറൂനി ഇന്ത്യയിലെ മുസ്‌ലിംകളല്ലാത്തവരെ ഹിന്ദുക്കൾ എന്നാണ് വിളിച്ചത്; കാഫിറുകൾ എന്നല്ല.

### പ്രവാചകന്റെ രീതി

പ്രവാചകന്റെ മക്കാവിജയത്തിനു ശേഷം വ്യത്യസ്ത നാടുകളിൽനിന്ന് നിവേദക സംഘങ്ങൾ പ്രവാചക സന്നിധിയിലേക്ക് വന്നുകൊണ്ടിരുന്നു. അവരെയെല്ലാം അവരവരുടെ നാടിന്റെ പേർ ചേർത്താണ് വിളിച്ചത്. ഉദാഹരണമായി യമനിൽനിന്ന് വന്നവരെ അഹ്‌ലുയമൻ(യമൻകാർ) എന്നാണ് പ്രവാചകൻ വിളിച്ചത്, യമനിലെ കാഫിറുകൾ എന്നല്ല. അറേബ്യക്ക് ചുറ്റുമുള്ള വ്യത്യസ്ത നാടുകളിലെ ഭരണാധികാരികൾക്ക് പ്രവാചകൻ കത്തയച്ചിരുന്നു. ഇവയിലൊന്നും തന്നെ അവരെ കാഫിറുകൾ എന്ന് അഭിസംബോധന ചെയ്തിരുന്നില്ല.

### തർക്കമല്ല, മാന്യമായ പ്രബോധനം

**ഇസ്‌ലാമിക വീക്ഷണപ്രകാരം ഇന്ത്യയിലെ ഹിന്ദുക്കളുൾപ്പെടെയുള്ള എല്ലാ അമുസ്‌ലിം സമൂഹങ്ങളുടെയും സ്ഥാനം മനുഷ്യർ (ഇൻസാൻ) എന്നതാണ് എന്ന് വ്യക്തമാകുന്നു. മക്കയിലെ പ്രവാചകന്റെ നീണ്ട പതിമൂന്ന് വർഷത്തെ നിരന്തരമായ പ്രബോധനം ഖുറൈശികളുടെ ആവർത്തിച്ചുള്ള നിഷേധം തുടങ്ങിയതിനോട് സമാനമായ സാഹചര്യങ്ങൾ ഈ സമൂഹങ്ങളിലൊന്നും നിലനിൽക്കുന്നില്ല എന്നതിനാൽ പ്രസ്തുത സമൂഹങ്ങളെ കാഫിറുകൾ എന്നോ മുൻകിറുകൾ(നിഷേധി) എന്നോ മുദ്രകുത്തുന്നതിന് യാതൊരു ന്യായീകരണവുമില്ല.**

ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണകാലത്ത് ഹിന്ദു-മുസ്‌ലിം മതപ്രബോധകർ തമ്മിൽ ധാരാളം തർക്കവിതർക്കങ്ങൾ അരങ്ങേറുകയുണ്ടായി. സ്നേഹപൂർണവും ഗുണകാംക്ഷാനിർഭരവുമായ പ്രബോധനത്തിന്റെ സ്ഥാനം ഇത്തരം തർക്കങ്ങൾ ഏറ്റെടുത്തു. ഇത് രാജ്യത്തുടനീളം ഹിന്ദു-മുസ്‌ലിം ബന്ധങ്ങളിൽ വിള്ളലുകൾ വീഴ്ത്തി. എന്നാൽ ഇസ്‌ലാമിന്റെ പ്രബോധന രീതി ഇതല്ല എന്നതാണ് സത്യം. അന്യരുടെ എതിർപ്പും അനിഷ്ടവും നിലനിൽക്കുമ്പോൾ തന്നെ നിറഞ്ഞ സ്നേഹത്തോടെ അവരുടെ നന്മയിലുള്ള താൽപര്യത്തോടെ അവരെ ദൈവമാർഗത്തിലേക്ക് ക്ഷണിക്കുകയാണ് ശരിയായ ഇസ്‌ലാമിക രീതി. ഇതിനു പകരം അന്യരെ പരാജയപ്പെടുത്താനും അപഹസിക്കാനും വേണ്ടി നടത്തുന്ന തർക്കങ്ങളും വാദപ്രതിവാദങ്ങളും കൂടുതൽ വെറുപ്പും വിദ്വേഷവും മാത്രമേ സൃഷ്ടിക്കൂ.

### ദാറുദ്ദഅ്‌വ (പ്രബോധന ദേശം)

ദാറുൽ കുഫ്ർ, ബിലാദുൽ കുഫ്ർ(നിഷേധികളുടെ ദേശം) എന്നീ പദങ്ങളൊന്നും ഖുർആൻ പ്രയോഗിച്ചിട്ടില്ല. പ്രവാചകന്റെയും ഖലീഫമാരുടെയും ഒക്കെ ശേഷം അബ്ബാസിയാ കാലത്തുണ്ടായ പദങ്ങളാണിവയൊക്കെ. ഇത്തരം പ്രയോഗങ്ങൾ സൂക്ഷ്മമോ ഉചിതമോ അല്ല. ഇസ്‌ലാമിക രാഷ്ട്രങ്ങൾ എന്നു വിളിക്കപ്പെടാവുന്ന രാജ്യങ്ങളൊഴികെയുള്ള നാടുകളെ ദാറുദ്ദഅ്‌വ (പ്രബോധന ദേശം) എന്നാണ് വിളിക്കേണ്ടത്.

അല്ലാഹു പ്രവാചകനോട് പറയുന്നത് കാണുക: "ഇതാ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഒരു ഗ്രന്ഥം! അതിന്റെ മുമ്പുള്ള വേദത്തെ ശരിവെക്കുന്നതത്രെ അത്. മാതൃനഗരി (മക്ക)യിലും അതിന്റെ ചുറ്റു ഭാഗത്തുമുള്ളവർക്ക് നീ താക്കീതു നൽകാൻ വേണ്ടി ഉള്ളതുമാണത്" (6:92).

മാതൃനഗരി(ഉമ്മുൽ ഖുറാ) എന്ന് പറഞ്ഞത് മക്കയെ കുറിച്ചാണ്. പ്രസ്തുത സൂക്തം അവതരിക്കുമ്പോൾ മക്ക അമുസ്‌ലിംകളുടെ നിയന്ത്രണത്തിലാണ്. അവർ കഅ്ബയിൽ നൂറു കണക്കിന് വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുകയും ചെയ്തിരുന്നു. എന്നിട്ടും ഖുർആൻ മക്കയെ ദാറുൽ കുഫ്ർ എന്നു വിളിക്കാതെ 'ഉമ്മുൽ ഖുറാ' (നഗരങ്ങളുടെ മാതാവ്) എന്നു തന്നെ വിളിക്കുകയും, അവിടെ പ്രബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പ്രവാചകനോട് നിർദേശിക്കുകയും ചെയ്തു. അമുസ്‌ലിംകളുടെ നിയന്ത്രണത്തിലുള്ള എല്ലാ നാടുകളെയും ദാറുദ്ദഅ്‌വ(പ്രബോധന ദേശം) എന്ന് വിളിക്കാമെന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അങ്ങനെ ഇത്തരം നാടുകളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കണമെന്ന് മുസ്‌ലിംകളെ ഓർമിപ്പിക്കാനും സാധിക്കും. മറിച്ച് ദാറുൽ കുഫ്ർ എന്നോ, ബിലാദുൽ കുഫ്ർ എന്നോ വിളിക്കുന്നത് ഒരിക്കലും ശരിയല്ല. ■